## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം. നം. 582 — 19.03.2013- ലെ മറുപടിയ്ക്ക്

**ചോദ്യം** — **ഉത്തരം**

ശ്രീ. ബി. സത്യൻ

ശ്രീ. കെ.എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പു മന്ത്രി

2012-13 ലെ പദ്ധതി തുക വിനിയോഗം

| | | |
|---|---|---|
| (എ) | 2012-13 വർഷത്തിൽ സംസ്ഥാന പദ്ധതി അടങ്കൽ തുക കേന്ദ്ര വിഹിതമുൾപ്പെടെ ആകെ എത്രയാണ്; വ്യക്തമാക്കാമോ; | 2012-13 വർഷത്തെ സംസ്ഥാന പദ്ധതി അടങ്കൽ തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 3228 കോടിയും കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ വിഹിതമായ 1100 കോടിയും ഉൾപ്പടെ 14010 കോടിയാണ്. ഇതിന് പുറമേ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2176.60 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക ഘടക പദ്ധതി / ഗിരി വർഗ്ഗ ഉപ പദ്ധതികൾക്കുള്ള സഹായമായ 16 കോടിയും എൻ.സി.ഡി.സി യിൽ നിന്നുള്ള ധനസഹായമായ് 68 കോടിയും കൂടി കണക്കിലെടുത്താൽ 2012-13 ലെ മൊത്തം പദ്ധതി തുക 16202.60 കോടി രൂപയാണ്. |
| (ബി) | ഇതിൽ എസ്.സി/ എസ്.റ്റി വിഭാഗത്തിനായി നീക്കി വച്ചിട്ടുള്ളത് എന്തു തുകയാണ് | എസ്.സി/ എസ്.റ്റി വിഭാഗത്തിനായി കേന്ദ്രവിഹിതമുൾപ്പെടെ നീക്കി വച്ചിട്ടുള്ളത് 1793.71 കോടി രൂപയാണ്. ഇതിന് പുറമെ പ്രത്യേക ഘടക പദ്ധതി പ്രകാരം പ്രത്യേക കേന്ദ്ര സഹായമായി 1600 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഇതിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നീക്കി വച്ചിട്ടുള്ള തുക എത്ര; വ്യക്തമാക്കാമോ; | 2012-13 വർഷം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായി ആകെ 3228 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| ഡി) | 2012-13 വര്‍ഷത്തില്‍ ഇതുവരെ എസ്.സി/ എസ്.റ്റി മേഖലയ്ക്കുവേണ്ടി എന്തു തുക ചെലവഴിച്ചുവെന്നും ഇത് ആകെ അനുവദിച്ച തുകയുടെ എത്ര ശതമാനമാണെന്നും വിശദമാക്കാമോ? | 2012-13 വര്‍ഷത്തില്‍ പ്രാഥമിക കണക്കുകള്‍ പ്രകാരം ജനുവരി 31 വരെ എസ്.സി/ എസ്.റ്റി മേഖലയ്ക്ക് 911.38 കോടി രൂപയും പ്രത്യേക ഘടക പദ്ധതി പ്രകാരം പ്രത്യേക കേന്ദ്ര സഹായമായി ലഭിച്ചതില്‍ 9.88 കോടി രൂപയും ചെലവാക്കിയിട്ടുണ്ട്. ഇത് ആകെ അനുവദിച്ച തുകയുടെ 50.91 ശതമാനമാണ്. |

Rejani

സെക്ഷന്‍ ഓഫീസര്‍